# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 917 — 09/8/2017 -ലെ മറുപടി

## വൈപ്പിനിലേക്കുള്ള ശുദ്ധജല വിതരണ പൈപ്പ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എസ്.ശർമ്മ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) വല്ലാർപ്പാടം റെയിലിന് താഴെ ഭാഗത്ത് താത്കാലികമായി സ്ഥാപിച്ചിട്ടുള്ള വൈപ്പിനിലേക്കുള്ള ശുദ്ധജല വിതരണ പൈപ്പ് മാറ്റുന്നതിനും വ്യാസം കൂടിയ പൈപ്പ് സ്ഥാപിക്കുന്നതിനുമുള്ള ബദൽ മാർഗ്ഗങ്ങൾ ആലോചിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി എന്നാണ് കമ്മിറ്റി രൂപീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) 20/12/2016-ൽ കമ്മിറ്റി രൂപീകരിച്ചു. |
| (ബി) പ്രസ്തുത കമ്മിറ്റി രൂപീകൃതമായതിനു ശേഷം നാളിതുവരെ എത്ര യോഗങ്ങൾ ചേർന്നുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത യോഗങ്ങളുടെ മിനിട്സിന്റെ പകർപ്പുകൾ നൽകാമോ; | (ബി) പ്രസ്തുത കമ്മിറ്റി രൂപീകൃതമായതിനുശേഷം ഒരു യോഗം 21/4/2017-ൽ ചേർന്നിരുന്നു. മിനിട്ട്സ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടില്ല. |
| (സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;<br>(ഡി) എന്നത്തേക്ക് ഈ പ്രശ്നം പരിഹരിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (സി) & (ഡി) പരിഗണനയിൽ വന്ന മൂന്ന് ഓപ്ഷനുകൾ വിശദമായി നിരീക്ഷിച്ച് പഠിച്ചതിനു ശേഷം, ഒരു ഇൻസ്പെക്ഷൻ ചേമ്പർ നിർമ്മിച്ച് നിലവിലുള്ള ജലവിതരണ പൈപ്പിന്റെ നിജ സ്ഥിതി പരിശോധിച്ച് സാധ്യമെങ്കിൽ വ്യാസം കൂടിയ പൈപ്പ് സ്ഥാപിക്കുന്ന ഓപ്ഷന് മുൻഗണന നൽകാമെന്നതാണ് കമ്മിറ്റിയുടെ അഭിപ്രായം. അതനുസരിച്ച്, റെയിൽവെ ലൈനിന്റെ അടിയിൽ കൂടിയുള്ള പൊട്ടിയ 800 എം.എം എം.എസ് പൈപ്പിനകത്ത് സ്ഥാപിച്ചിരിക്കുന്ന 400 എം.എം പി.വി.സി പൈപ്പ് പുറത്തെടുത്ത് കൂടുതൽ വ്യാസമുള്ള പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പ്രായോഗികതാ പരിശോധനയ്ക്ക് അനുമതി |

നൽകിയിരുന്നു. എന്നാൽ സ്ഥലത്തെ വിപരീത സാഹചര്യവും വെള്ളക്കെട്ടിന്റെ ഉയർന്ന വിതാനവും റെയിൽവെ സുരക്ഷാ പ്രശ്നങ്ങളും കാരണം പരിശോധന നടത്താനായിട്ടില്ല. ടി പരിശോധന നടത്തി പൈപ്പ് ലൈനിന്റെ നിജസ്ഥിതി കണ്ടു പിടിച്ചതിനുശേഷം പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

JSK/